REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കുന്ന ലോക നേതാക്കളുമായും വ്യാപാരപ്രമുഖരുമായും പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ച നടത്തി.**
- **ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് ഉന്നതതല G.P.A.I കൗൺസിൽ യോഗങ്ങൾ നടക്കും.**
- **സ്ത്രീകളിൽ സംരംഭകത്വം വളർത്തുന്നതിൽ കുടുംബശ്രീയുടെ പങ്ക് നിർണായകമാണെന്ന് മന്ത്രി KN ബാലഗോപാൽ**
- **സംസ്ഥാനത്ത് SIR മായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന്.**
- **ICC പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഗ്രൂപ്പ് ഡി മത്സരത്തിൽ അഫ്ഗാനിസ്ഥാൻ കാനഡയെ 82 റൺസിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കുന്ന ലോക നേതാക്കളുമായും വ്യാപാരപ്രമുഖരുമായും പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ച നടത്തി. AI സാങ്കേതികവിദ്യ, നവീകരണം എന്നീ മേഖലകളിലെ വിവിധ പങ്കാളികളെ CEO റൗണ്ട് ടേബിൾ ഒരുമിച്ച് കൊണ്ടുവന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ചർച്ചകൾ ഉൾക്കാഴ്ചയുള്ളതും ഭാവിയിലേക്കുള്ളതുമായിരുന്നുവെന്നും മനുഷ്യ പുരോഗതിക്കും സുസ്ഥിര

വികസനത്തിനും വേണ്ടി AI ഉപയോഗപ്പെടുത്തുന്നതിന് പ്രതിബദ്ധത കാണുന്നത് സന്തോഷകരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഗവൺമെന്റിന്റെ നേട്ടങ്ങൾ അടിസ്ഥാനമാക്കി ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി പുതിയ യുഗത്തിൽ ഇന്ത്യയെ നേതൃത്വത്തിലേക്ക് സജ്ജമാക്കുന്നുവെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. ജനാധിപത്യത്തിന്റെയും നവീകരണത്തിന്റെയും അനന്തമായ ശക്തിയിലൂടെ മനുഷ്യരാശിയുടെ പുരോഗതിയിലേക്ക് യാത്രയ്ക്ക് ഇന്ധനം നൽകുമെന്ന രാജ്യത്തിന്റെ വാഗ്ദാനമാണ് ഉച്ചകോടിയെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് ഉന്നതതല G.P.A.I കൗൺസിൽ യോഗങ്ങൾ നടക്കും. ആഗോള AI ഭരണത്തിനും സഹകരണത്തിനും കൂട്ടായ പ്രതിബദ്ധതകൾ സ്ഥിരീകരിക്കുകയും റോഡ് മാപ്പ് രൂപപ്പെടുത്തുകയും ചെയ്യുന്ന നേതാക്കളുടെ പ്രഖ്യാപനം ഉച്ചകോടി അംഗീകരിക്കും.

നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട ബഹുമുഖ സഹകരണം ശക്തിപ്പെടുത്തുന്നതിന് മുൻഗണനകളുമായി യോജിപ്പിച്ച് അംഗരാജ്യങ്ങൾ പുരോഗതി അവലോകനം ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ഔപചാരികമായി ഉദ്ഘാടനം ചെയ്ത ഉച്ചകോടിയിൽ 500-ലധികം പ്രതിനിധികളാണ് പങ്കെടുക്കുന്നത്. ഇന്ത്യ AI ഇംപാക്ട് എക്സ്പോ നാളെ രാത്രി എട്ടു മണി വരെ ഉണ്ടാവും.

✪✪✪

മാനവികതയ്ക്ക് AI യുടെ പ്രയോജനങ്ങൾ ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ, നവീകരണം, ഉത്തരവാദിത്ത നിയന്ത്രണം, ആഗോള സഹകരണം എന്നിവ പ്രധാനമാണെന്ന് ഓർമ്മപ്പെടുത്തി ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026 ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. AI വ്യാപനം, അടിസ്ഥാന സൗകര്യങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണം എന്നിവയെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ നേതാക്കൾ ഉച്ചകോടിയിൽ ചർച്ച ചെയ്തു.

നവീകരണം, പങ്കാളിത്തം, ഉത്തരവാദിത്ത നിയന്ത്രണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദേശീയ AI തന്ത്രങ്ങൾ രൂപപ്പെടുത്തിയതായി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം പറഞ്ഞു.

✪✪✪

ജാതിവിവേചനവും സാമൂഹിക വിവേചനവും സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ ഒരു കാലഘട്ടത്തിലാണ് ശ്രീനാരായണഗുരു ആത്മീയ വെളിച്ചമായി ഉയർന്നുവന്നതെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. ന്യൂഡൽഹിയിൽ ഡോ. ശശി തരൂർ MPയുടെ 'ദി സേജ് ഹു റീ ഇമാജിൻഡ് ഹിന്ദുയിസം: ദി ലൈഫ്, ലെസൻസ് ആൻഡ് ലെഗസി ഓഫ് ശ്രീനാരായണ ഗുരു' എന്ന പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

✪✪✪

സ്ത്രീകളിൽ സംരംഭകത്വം വളർത്തുന്നതിൽ കുടുംബശ്രീയുടെ പങ്ക് നിർണായകമാണെന്ന് മന്ത്രി KN ബാലഗോപാൽ കൊല്ലത്ത് പറഞ്ഞു. ഓടനാവട്ടത്ത് കുടുംബശ്രീ മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ബജറ്റിൽ 180 കോടി രൂപ കുടുംബശ്രീക്കായി വകയിരുത്തിയെന്നും, കാർഷിക-വ്യാവസായിക മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന നൂതന കുടുംബശ്രീ സംരംഭങ്ങൾക്ക് 22.5 കോടി രൂപ സാമ്പത്തിക സഹായമായി നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പിന്നാക്ക വിഭാഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നൂതനമായ ക്ഷേമപദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നതെന്ന് മന്ത്രി O.R കേളു പറഞ്ഞു. ഷൊർണ്ണൂർ, ചെമ്മംകോട് 'ഐശ്വര്യഗ്രാമം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പിന്നാക്ക വിഭാഗങ്ങളിലെ യുവതീ-യുവാക്കൾക്കായി 'സമൃദ്ധി കേരളം' എന്ന പുതിയ പദ്ധതി ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കന്നുകുട്ടി പരിപാലന പദ്ധതിയുടെ തുക 30,000 രൂപയായി ഉയർത്തിയെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. കുന്നന്താനം ഗ്രാമപഞ്ചായത്ത് വെറ്ററിനറി ഡിസ്പെൻസറിയും നവീകരിച്ച കന്നുകുട്ടി പരിപാലന പദ്ധതിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കന്നുകുട്ടി പരിപാലനത്തിന് കഴിഞ്ഞ വർഷം വരെ 12,500 രൂപയാണ് നൽകിയിരുന്നത്.

✪✪✪

പാലക്കാട് ജില്ലയിൽ നെല്ലു സംഭരണം ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. നെല്ലു സംഭരണം സംബന്ധിച്ച് ഇന്നലെ ചേർന്ന ഉന്നതതല ഓൺലൈൻ യോഗമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. കർഷകർക്ക്

കാലതാമസമില്ലാതെ പ്രാഥമിക സർവീസ് സഹകരണ സംഘങ്ങൾ മുഖേന വില ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കോഴിക്കോട് പുതിയപാലത്തെ വലിയപാലം രാവിലെ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. കനോലി കനാലിന് കുറുകെ 16 കോടി 53 ലക്ഷം രൂപ വിനിയോഗിച്ച് 195 മീറ്റർ നീളത്തിലും 11 മീറ്റർ വീതിയിലും ആർച്ച് മാതൃകയിലാണ് പാലം നിർമ്മിച്ചത്.

✪✪✪

സംസ്ഥാനത്ത് SIR മായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് ചേരും. രാവിലെ 11 ന് തിരുവനന്തപുരത്താണ് യോഗം. അംഗീകൃത ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ 2025 ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൂടിയാട്ടം ആചാര്യൻ വേണുജി, സംഗീത സംവിധായകനും ഗാനരചയിതാവുമായ കൈതപ്രം, നാടക സംവിധായകനും നാടകകൃത്തുമായ ജയപ്രകാശ് കുളൂർ എന്നിവർക്കാണ് ഫെലോഷിപ്പ്.

അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാമേഖലകളിൽ സമഗ്രസംഭാവനകൾ നൽകിയ പ്രതിഭകൾക്കാണ് ഫെലോഷിപ്പ് നൽകുന്നത്. 50,000 രൂപയും ഫലകവും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് ഫെലോഷിപ്പ്. 2025 ലെ അവാർഡിന് 18 പ്രതിഭകളെയും ഗുരുപൂജാ പുരസ്കാരത്തിന് 22 പ്രതിഭകളെയും തെരഞ്ഞെടുത്തു.

✪✪✪

CISF സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോണിനെ രാവിലെ സംസ്ഥാന അതിർത്തിയായ തിരുവനന്തപുരം കളയിക്കാ വിളയിൽ സ്വീകരിക്കും. പൂഞ്ഞാർ, ശംഖുമുഖംബീച്ച്, വേളി, വെട്ടുകാട്, തുമ്പ VSSC വർക്കല, കൊല്ലം ബീച്ച് എന്നിവിടങ്ങളിലായിരിക്കും സൈക്ലത്തോൺ എത്തുക. വൈകിട്ട് അഴീക്കൽ ബീച്ചിൽ കലാപരിപാടികൾ സംഘടിപ്പിക്കും. പൊലീസ്, NCC കാഡറ്റ് സംഘങ്ങൾ സൈക്ലത്തോണിൽ പങ്കാളികളാവും.

✪✪✪

ICC പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഗ്രൂപ്പ് ഡി മത്സരത്തിൽ അഫ്ഗാനിസ്ഥാൻ കാനഡയെ 82 റൺസിന് പരാജയപ്പെടുത്തി. ചെന്നൈയിലെ M.A.ചിദംബരം സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ നിശ്ചിത 20 ഓവറിൽ 200 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ കാനഡയ്ക്ക് 8 വിക്കറ്റ് നഷ്ടത്തിൽ 118 റൺസ് മാത്രമേ നേടാനായുള്ളൂ.

കൊളംബോയിലെ R.പ്രേമദാസ സ്റ്റേഡിയത്തിലെ ഗ്രൂപ്പ് B മത്സരത്തിൽ സിംബാബ്‌വെ, ശ്രീലങ്കയെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഈഡൻ ഗാർഡൻസിൽ അവസാന ഗ്രൂപ്പ് C മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ഇറ്റലിയെ 42 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് ശ്രീലങ്കയിലെ പല്ലെക്കലെ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അവസാന ഗ്രൂപ്പ് B പോരാട്ടത്തിൽ ഓസ്ട്രേലിയ ഒമാനെ നേരിടും. ഇന്ത്യൻ സമയം വൈകീട്ട് 7 മണിക്കാണ് മത്സരം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കർണാടക ഫൈനലിൽ പ്രവേശിച്ചു. ലഖ്നൗവിൽ ഉത്തരാഖണ്ഡുമായി നടന്ന മത്സരം സമനിലയിൽ പിരിഞ്ഞതിനെ തുടർന്നാണ് കർണാടക ഫൈനലിലെത്തിയത്.

ഈ മാസം 24 ന് കർണാടകയിലെ K.S.C.A ഹുബ്ബ്ലി ക്രിക്കറ്റ് ഗ്രൗണ്ടിൽ ഫൈനൽ മത്സരത്തിൽ കർണാടക, ജമ്മു കശ്മീരിനെ നേരിടും.

✪✪✪

കേരളത്തിലെ ജനങ്ങൾക്കിടയിൽ കായിക സാക്ഷരതയും കായിക ക്ഷമതയും വളർത്തലാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. കണ്ണൂർ തളിപ്പറമ്പ്, കരിമ്പം കില ക്യാമ്പസിൽ ജില്ലാ സ്റ്റേഡിയത്തിന്റെയും, സ്പോർട്സ് കോംപ്ലക്സിന്റെയും നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

നാഷണൽ ആയുഷ് മിഷൻ സംഘടിപ്പിക്കുന്ന ഹെൽത്തി കേരള ഫീൽഡ് ക്യാമ്പയിൻ ഇന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുകയും പൊതുജനാരോഗ്യം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് ക്യാമ്പയിൻ.

✪✪✪

കാസർകോട് ജില്ലയിലെ മലയോര ഗ്രാമമായ ചീമേനിയിൽ ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാവുന്നു. മലയോര മേഖലയുടെ ദീർഘകാല ആവശ്യമായ ഫയർ

സ്റ്റേഷൻ സ്ഥാപിക്കുന്നതോടൊപ്പം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

..............( വോയ്സ്)..................

✪✪✪

കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഈ മാസം 25 ന് നടത്തും. ഇതിന്റെ ഭാഗമായി രാവിലെ കണ്ണൂർ കാട്ടാമ്പള്ളിയിൽ കാൻസർ ചികിത്സയിൽ ആയുർവേദ സാധ്യതകളെ കുറിച്ച് ശാസ്ത്ര സെമിനാർ നടത്തും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.............(VOICE).................

✪✪✪

---

***News Editor :*** പി ചന്ദ്രബാബു
***News Reader:*** ശരണ്യ രാജൻ
***News Team:*** സിയാബ്
*DEO* ഷീബ